# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തിരണ്ട്

## കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഇരിക്കുന്ന മഹാവേശ്യ

## (2)

Wed കഴിഞ്ഞ ദൂതിൽ മഹാവേശ്യയെക്കുറിച്ച് നാം ചിന്തിച്ചിരുന്നു. ഇനി നമുക്ക്, വെളിപ്പാട് 17-ൽ വിവരിച്ചിരിക്കുന്നതുപോലെ, വേശ്യ സവാരിചെയ്യുന്ന കടുഞ്ചുവപ്പുള്ള മൃഗത്തെക്കുറിച്ച് ചിന്തിക്കാം.

## II. കടുഞ്ചുവപ്പുള്ള മൃഗം

### A. അഗാധത്തിൽനിന്നു കയറിവരുന്നു

റോമൻ കത്തോലിക്കാസഭ സവാരിക്കാരിയാണെന്നും, മൃഗം റോമാസാമ്രാജ്യമാണെന്നും, പ്രത്യേകിച്ചും റോമാസാമ്രാജ്യത്തിലെ വരാൻപോകുന്ന ഏഴാമത്തെ കൈസറാണെന്നും നാം കണ്ടു. വെളിപ്പാട് 17:8 പറയുന്നു, "നീ കണ്ട മൃഗം ഉണ്ടായിരുന്നതും, ഇപ്പോൾ ഇല്ലാത്തതും, അഗാധത്തിൽനിന്ന് കയറിവന്നു നാശത്തിലേക്കു പോകാനിരിക്കുന്നതും ആകുന്നു." യോഹന്നാൻ ഈ പുസ്തകം എഴുതുന്നതിനുമുമ്പ് എതിർക്രിസ്തു എന്ന മൃഗം നീറോ കൈസർ എന്ന വ്യക്തിയിൽ "ഉണ്ടായിരുന്നു." യോഹന്നാൻ എഴുതുന്ന സമയത്ത് അവൻ "ഇല്ല," കാരണം ആ സമയമായപ്പോഴേക്കും നീറോ മരിച്ചിരുന്നു. അവൻ "അഗാധത്തിൽനിന്ന് കയറിവരുവാൻ പോകുന്നു." നീറോയുടെ ആത്മാവ് ഇപ്പോൾ അഗാധത്തിലാണെന്നും, 13:3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ കൊല്ലപ്പെടുകയും പുനരുജ്ജീവിപ്പിക്കപ്പെടുകയും ചെയ്ത എതിർക്രിസ്തുവിന്റെ ശരീരത്തെ സ്വന്തമാക്കുവാൻ അവൻ അഗാധത്തിൽനിന്നു കയറിവരുവാൻ പോകുന്നുവെന്നും ഇത് പരോക്ഷമായി സൂചിപ്പിക്കുന്നു.

### B. അതിന്റെ നിറം

മൃഗത്തിന്റെ നിറം കടുംചുവപ്പാണ് (17:3). കടുംചുവപ്പുനിറം

മഹാവ്യാളിയുടെ നിറമാണ് (12:3). മൃഗവും വ്യാളിയും ഒരേ നിറമുള്ളവരാണെന്ന വസ്തുത, കാഴ്ചയിൽ എതിർക്രിസ്തു സാത്താനുമായി ഒന്നായിരിക്കുമെന്ന് സൂചിപ്പിക്കുന്നു.

## C. ദൂഷണനാമങ്ങൾ നിറഞ്ഞിരിക്കുന്നു

ഈ മൃഗം ദൂഷണനാമങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു (17:3). മൃഗത്തിന്റെ ഏഴു തലകൾ പ്രതീകവൽക്കരിക്കുന്ന ഏഴു കൈസർമാർ അവരെത്തന്നെ ദൈവമെന്ന് വിളിച്ചിരുന്നു. ഇത് തീർത്തും ദൈവത്തിനെതിരായുള്ള ദൈവദൂഷണമാണ്. ഈ കൈസർമാർ ദൈവപദവി ഏറ്റെടുക്കുകയും അവരെ ആരാധിക്കുവാൻ അവരുടെ ജനത്തോട് കല്പിക്കുകയും ചെയ്തു. അവരെ ആരാധിക്കാത്തവരെ ഉപദ്രവിച്ചു.

## D. ഏഴു തലകളുണ്ട്

### *1. റോമാനഗരം ഏഴു മലകളുടെ മുകളിൽ പണിതിരിക്കുന്നു*

മൃഗത്തിന് ഏഴു തലകൾ ഉണ്ടെന്നും വാക്യം 3 ചൂണ്ടിക്കാണിക്കുന്നു. വാക്യം 9 പറയുന്നു, "ഏഴു തല സ്ത്രീ ഇരിക്കുന്നിടമായ ഏഴു മലയാകുന്നു." റോമാനഗരം ഏഴു മലകളിന്മേൽ പണിയപ്പെട്ടിരിക്കുന്നു, അത് വേശ്യ ഇരിക്കുന്ന മൃഗത്തിന്റെ ഏഴു തലകളാൽ സൂചിപ്പിക്കപ്പെടുന്നു.

### *2. ഏഴു രാജാക്കന്മാർ*

മൃഗത്തിന്റെ ഏഴു തലകളാകുന്ന ഏഴു മലകളെക്കുറിച്ചു സംസാരിക്കുന്ന വാക്യം 10 പറയുന്നു, "ഏഴു രാജാക്കന്മാരും ആകുന്നു: അഞ്ചുപേർ വീണുപോയി, ഒരുവൻ ഉണ്ട്, മറ്റൊരുവൻ ഇതുവരെ വന്നിട്ടില്ല; അവൻ വരുമ്പോൾ, അല്പകാലം മാത്രം ഇരിക്കണം." ഏഴു രാജാക്കന്മാർ റോമാസാമ്രാജ്യത്തിന്റെ ഏഴു കൈസർമാരാണ്. ചരിത്രമനുസരിച്ച്, റോമാസാമ്രാജ്യത്തിൽ പന്ത്രണ്ടു കൈസർമാർ ഉണ്ടായിരുന്നു; പതിമൂന്നാമൻ എതിർക്രിസ്തു ആയിരിക്കും. പന്ത്രണ്ടു കൈസർമാരിൽ ആറുപേരെ മാത്രമാണ് വെളിപ്പാടിലെ പ്രവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആദ്യത്തെ അഞ്ചുപേർ വീണുപോയി; അതായത്, അവർ അസ്വാഭാവികമായി മരിച്ചുപോയി (ന്യായാ. 3:25; 2 ശമൂ. 1:10, 25, 27). അവർ ജൂലിയസ് സീസറും, തിബേരിയസും, കാലിഗുലയും, ക്ലൗദിയസും, നീറോയും ആയിരുന്നു; അവരെല്ലാം യോഹന്നാൻ ഈ പുസ്തകം എഴുതുന്നതിനുമുമ്പ് ഒന്നുകിൽ കൊലചെയ്യപ്പെട്ടു, അല്ലെങ്കിൽ ആത്മഹത്യ ചെയ്തു. ഡൊമീഷ്യൻ എന്ന ആറാമനും കൊലചെയ്യപ്പെട്ടുവെങ്കിലും, ഈ പുസ്തകം എഴുതുമ്പോൾ അവൻ ജീവിച്ചിരിക്കുകയായിരുന്നു; അതുകൊണ്ടാണ് ഒരുവൻ

"ഉണ്ട്" എന്ന് അവനെക്കുറിച്ചു പറഞ്ഞത്. "മറ്റൊരുവൻ" എന്നു പറഞ്ഞിരിക്കുന്ന ഏഴാമൻ എതിർക്രിസ്തു ആയിരിക്കും, അവൻ ആ സമയത്ത് "ഇതുവരെ വന്നിട്ടില്ല." "അവൻ വരുമ്പോൾ, അൽപകാലം മാത്രം ഇരിക്കണം," അപ്പോൾ അവൻ കൊല്ലപ്പെടുകയും, എട്ടാമനാകുവാൻ അഞ്ചാമനായ നീറോയുടെ ആത്മാവോടുകൂടെ പുനർജീവിപ്പിക്കപ്പെടുകയും ചെയ്യും.

വാക്യം 11 പറയുന്നു, "ഉണ്ടായിരുന്നവനും ഇപ്പോൾ ഇല്ലാത്തവനുമായ മൃഗം, അവൻതന്നെ എട്ടാമത്തവനും ഏഴുപേരിൽനിന്നുള്ളവനും ആകുന്നു, അവൻ നാശത്തിലേക്ക് പോകുന്നു." വരാൻപോകുന്ന ഏഴാമത്തെ കൈസർ എതിർക്രിസ്തു ആയിരിക്കും. എന്നാൽ അവൻ "എട്ടാമനും" ആണ്. 13:3 അനുസരിച്ച്, എതിർക്രിസ്തു കൊല്ലപ്പെടുകയും പുനർജീവിപ്പിക്കപ്പെടുകയും ചെയ്യും. ആ പുനർജീവനത്തിൽ, അഗാധത്തിൽനിന്നു കയറിവരുന്ന അഞ്ചാമത്തെ കൈസറായ നീറോയുടെ ആത്മാവ് എതിർക്രിസ്തു എന്ന ഏഴാമത്തെ കൈസറുടെ മൃതദേഹത്തെ ജീവിപ്പിക്കും. അഞ്ചും ഏഴും കൈസർമാർ ചേരുന്ന ഈ ഒരുവൻ എട്ടാമനാണ്. ഇക്കാരണത്താൽ, അവൻ "ഏഴുപേരിൽനിന്നുള്ളവൻ" ആണ്. ഇങ്ങനെയുള്ള അസാധാരണമായ ഒരു ആളത്തത്തിന്റെ കാഴ്ചയിൽ ജനം അതിശയിച്ചുപോകുന്നതിൽ അത്ഭുതമില്ല (വാ. 8).

## E. നാശത്തിലേക്കു പോകുന്നു

മൃഗം "നാശത്തിലേക്കു" പോകുന്നുവെന്ന് 8-ഉം 11-ഉം വാക്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. 19:20-ലും 20:10-ലും ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ എതിർക്രിസ്തു നശിക്കുമെന്ന് ഇത് സൂചിപ്പിക്കുന്നു. അവൻ തീപ്പൊയ്കയിലേക്ക് എറിയപ്പെടും.

## F. പത്തു കൊമ്പുകളുണ്ട്

12-ഉം 13-ഉം വാക്യങ്ങൾ പറയുന്നു, "നീ കണ്ട പത്തു കൊമ്പ് പത്തു രാജാക്കന്മാർ ആകുന്നു, അവർക്ക് ഇതുവരെ രാജ്യം ലഭിച്ചിട്ടില്ലെങ്കിലും മൃഗത്തോടൊപ്പം ഒരു നാഴിക നേരത്തേക്ക് രാജാക്കന്മാരെപ്പോലെ അധികാരം ലഭിക്കുന്നു. അവർക്ക് ഏക മനസ്സുണ്ട്, അവർ തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിനു കൊടുക്കുന്നു." മഹോപദ്രവത്തിനുമുമ്പ് നവീകരിക്കപ്പെട്ട റോമാസാമ്രാജ്യത്തിൽ പത്തു രാജാക്കന്മാരെ എഴുന്നേല്പിക്കും. അവർ ദൈവത്തെ എതിർക്കുന്നതിലും യെഹൂദന്മാരും വിശ്വാസികളുമായ ദൈവജനത്തെ ഉപദ്രവിക്കുന്നതിലും എതിർക്രിസ്തുവിനോട് ഒന്നായിരിക്കും. നെബൂഖദ്നേസർ തന്റെ സ്വപ്നത്തിൽ കണ്ട വലിയ ബിംബത്തിന്റെ പത്തു കാൽവിരലുകളോട് ഉപമിക്കപ്പെട്ടിരിക്കുന്ന (ദാനീ. 2:42) ഈ

പത്തു രാജാക്കന്മാർ അവരെയും അവരുടെ രാജ്യങ്ങളെയും എതിർക്രിസ്തുവിന് വിധേയപ്പെടുത്തും (വാ. 17).

പത്തു രാജാക്കന്മാർക്ക് മൃഗത്തോടുകൂടെ ഒരു മണിക്കൂറിനുള്ളിൽ രാജ്യം ലഭിക്കും. ഇത് അത്ഭുതകരമായിരിക്കും. യൂറോപ്യൻ കോമൺ മാർക്കറ്റിലെ പത്തു രാഷ്ട്രങ്ങൾ ഇവിടെ പരാമർശിച്ചിരിക്കുന്ന പത്തു രാജാക്കന്മാരായിരിക്കുമോ എന്ന് അനേകർ ആശ്ചര്യപ്പെടുന്നു. ഈ രാജാക്കന്മാർ ഒരു മണിക്കൂറിനുള്ളിൽ അവരുടെ രാജ്യം പ്രാപിക്കും എന്നുള്ളതുകൊണ്ട് ഈ വീക്ഷണം കൃത്യമല്ലായിരിക്കാം. ആ സമയത്തിനുമുമ്പ്, അവർ ആരാണെന്ന് ആരും അറിയുകയില്ല. പെട്ടെന്ന്, ഒരു മണിക്കൂറിനുള്ളിൽ, അവരെല്ലാവരും രാജ്യം പ്രാപിക്കും. ഈ പത്തു രാജാക്കന്മാർ ഇത്രയും ചെറിയൊരു സമയത്തിനുള്ളിൽ അധികാരം പ്രാപിക്കും. ഇത് സാത്താനാൽ ചെയ്യപ്പെടുന്ന ഒരു അത്ഭുതമായിരിക്കുകയും, അത് ജനത്തിന് ഒരു വലിയ ആശ്ചര്യമായി വരുകയും ചെയ്യും.

ഈ പത്തു രാജാക്കന്മാർക്ക് ഏക മനസ്സുണ്ടായിരിക്കുകയും അവർ മൃഗത്തിന് അവരുടെ ശക്തിയും അധികാരവും കൊടുക്കുകയും ചെയ്യുന്നു എന്ന് വാക്യം 13 പറയുന്നു. ബുദ്ധിശാലിയും, അടിച്ചേൽപ്പിക്കുന്നവനും, ബോദ്ധ്യപ്പെടുത്തുന്നവനും, കീഴ്പെടുത്തുന്നവനുമായ എതിർക്രിസ്തുവിന് അവർ തങ്ങളെത്തന്നെ പൂർണ്ണമായും വിധേയപ്പെടുത്തും.

ഒടുവിൽ പത്തു രാജാക്കന്മാർ എതിർക്രിസ്തുവിനോടു ചേർന്ന് കുഞ്ഞാടിനോട് നേരിട്ട് യുദ്ധം ചെയ്യും. വാക്യം 14 പറയുന്നു, "അവർ കുഞ്ഞാടിനോട് യുദ്ധം ചെയ്യും, കുഞ്ഞാട് അവരെ ജയിക്കും, അവൻ കർത്താധികർത്താവും രാജാധിരാജാവും ആകുന്നുവല്ലോ; വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായ അവനോടുകൂടെയുള്ളവരും, അവരെ ജയിക്കും." ഇവിടെയുള്ള യുദ്ധം 19:11-21-ൽ പരാമർശിച്ചിരിക്കുന്നതുപോലെ ഹർമ്മഗെദ്ദോനിലെ യുദ്ധമാണ് (16:14, 16). കുഞ്ഞാടിനോടുകൂടെയുള്ളവർ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമാണ്. "വിളിക്കപ്പെട്ടവർക്കു" ശേഷമാണ് "തിരഞ്ഞെടുക്കപ്പെട്ടവരെ" പരാമർശിച്ചിരിക്കുന്നതെന്നത് ശ്രദ്ധിക്കുക. വിളിക്കപ്പെടുന്നത് രക്ഷിക്കപ്പെടുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നത് ഒരു ജയജീവിതത്തിന്റെ അടിസ്ഥാനത്തിൽ കർത്താവിനാൽ അംഗീകരിക്കപ്പെടുന്നതും ആണ്. ഇന്ന് അനേകർ വിളിക്കപ്പെട്ടിട്ടുണ്ടെങ്കിലും, കുറച്ചുപേർ മാത്രമേ ഭാവിയിൽ തിരഞ്ഞെടുക്കപ്പെടുകയുള്ളൂ (മത്താ. 22:14). നാം എല്ലാവരും വിളിക്കപ്പെട്ടിട്ടുണ്ട്. ഭാവിയിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂടെ ഉണ്ടായിരിക്കേണ്ടതിന്, ഇന്ന് നാം ഒരു ജയജീവിതം നയിക്കണം.

16-ഉം 17-ഉം വാക്യങ്ങൾ പറയുന്നു, "നീ കണ്ട പത്തു കൊമ്പും മൃഗവും, വേശ്യയെ വെറുക്കുകയും അവളെ ശൂന്യയും നഗ്നയുമാക്കി അവളുടെ മാംസം തിന്നുകളയുകയും അവളെ തീകൊണ്ട് പൂർണമായി ദഹിപ്പിച്ചുകളയുകയും ചെയ്യും. എന്തെന്നാൽ ദൈവത്തിന്റെ വചനങ്ങൾ നിവൃത്തിയാകുവോളം അവന്റെ മനസ്സ് പ്രവർത്തിക്കുവാനും ഏകമനസ്സ് പ്രവർത്തിക്കുവാനും തങ്ങളുടെ രാജത്വം മൃഗത്തിനു കൊടുക്കുവാനും ദൈവം അവരുടെ ഹൃദയങ്ങളിൽ ഇട്ടു കൊടുത്തു." പത്തു കൊമ്പുകളും മൃഗവും വേശ്യയെ വെറുക്കുകയും അവളെ ശൂന്യയാക്കുകയും ചെയ്യും എന്നത് എതിർക്രിസ്തുവും പത്തു രാജാക്കന്മാരും വിശ്വാസത്യാഗിനിയായ റോമൻ കത്തോലിക്കാസഭയെ നശിപ്പിക്കും എന്ന് അർഥമാക്കുന്നു. ഇത് മഹോപദ്രവത്തിന്റെ ആരംഭത്തിൽ സംഭവിക്കും. അവർ റോമാസഭയെ നശിപ്പിച്ചുകൊണ്ടും, അവളുടെ സമ്പത്ത് കൊള്ളയടിച്ചുകൊണ്ടും, അവളെ തുറന്നുകാട്ടിക്കൊണ്ടും, ശൂന്യയും നഗ്നയുമാക്കുകയും, അവളുടെ അംഗങ്ങളെ കൊന്നുകൊണ്ട് "അവളുടെ മാംസം തിന്നുകളയും," അവളെ മൊത്തമായി നിർമ്മൂലമാക്കിക്കൊണ്ട് "അവളെ തീകൊണ്ട് പൂർണമായി ദഹിപ്പിക്കുകയും ചെയ്യും." ഈ അധ്യായത്തിൽ പറഞ്ഞിരിക്കുന്ന മഹതിയാം ബാബിലോൺ മതപരമായ ഒന്നാണെന്ന് ഇതു ചൂണ്ടിക്കാണിക്കുന്നു. എതിർക്രിസ്തുവും അവന്റെ പത്തു രാജാക്കന്മാരും വിശ്വാസത്യാഗിനിയായ റോമാസഭയെ നശിപ്പിക്കുന്നത് ദൈവത്തിൽനിന്നുള്ളതായിരിക്കും. ഇത് രക്തസാക്ഷിത്വമായി കണക്കാക്കരുത്, മറിച്ച് ദൈവത്തിന്റെ പ്രതികാരംചെയ്യുന്ന ന്യായവിധിയാണ്.

വത്തിക്കാൻ സിറ്റിയെ ഒരു സ്വതന്ത്രരാഷ്ട്രമാക്കുവാൻ പോപ്പ് പോൾ ഒമ്പതാമനുമായി 1929-ൽ മുസ്സോളിനി ഒരു കരാർ ഒപ്പുവച്ചു. ഇന്ന് വത്തിക്കാൻ അനേകം രാഷ്ട്രങ്ങളുടെമേൽ ശക്തിയും, അധികാരവും, സ്വാധീനവും പ്രയോഗിക്കുകയും, മറ്റു രാഷ്ട്രങ്ങളിൽനിന്നുള്ള സ്ഥാനപതിമാർ വത്തിക്കാനിലേക്ക് അയയ്ക്കപ്പെടുകയും ചെയ്യുന്നു. ഒരുപക്ഷേ വത്തിക്കാന്റെ ഈ സ്വാധീനം പത്തു രാജാക്കന്മാരുടെ വെറുപ്പിനെ ഉണർത്തുകയും റോമൻ കത്തോലിക്കാസഭയെ നശിപ്പിക്കുന്നതിന് അവർ മൃഗത്തോട് നിർദ്ദേശിക്കുകയും ചെയ്യും. ഈ അധ്യായത്തിലെ ചിത്രമനുസരിച്ച് സ്ത്രീ മൃഗത്തിന്മേൽ സവാരിചെയ്യുന്നു. വാഹിനി സവാരിക്കാരനെയല്ല, സവാരിക്കാരൻ വാഹിനിയെ എപ്പോഴും നിയന്ത്രിക്കുന്നതിനാൽ, ഇത് അർഥമാക്കുന്നത് മൃഗം വേശ്യയെയല്ല, വേശ്യ മൃഗത്തെ നിയന്ത്രിക്കുന്നു എന്നാണ്. ഉദാഹരണത്തിന്, നിങ്ങളുടെ കാർ ഓടിക്കുമ്പോൾ, കാർ നിങ്ങളെ നിയന്ത്രിക്കുന്നില്ല; നിങ്ങൾ കാറിനെ നിയന്ത്രിക്കുന്നു. ഇന്ന്, റോമൻ കത്തോലിക്കാസഭ രാഷ്ട്രീയത്തിനുമേൽ സവാരിചെയ്യുന്നു.

ഒടുവിൽ, ഇത് വേശ്യയെ ദ്വേഷിക്കുവാൻ പത്തു രാജാക്കന്മാരെ ഉത്തേജിപ്പിക്കുകയും, അവർ എതിർക്രിസ്തുവിനോടു ചേർന്ന് അവളെ നശിപ്പിക്കുകയും ചെയ്യും.

മഹാവേശ്യയോടുള്ള അവരുടെ വെറുപ്പിൽ പത്തു രാജാക്കന്മാർ അവളെ ശൂന്യയും നഗ്നയുമാക്കും. ഇന്ന് റോമൻ കത്തോലിക്കാസഭ ശൂന്യായാകുന്നതിൽനിന്നും വളരെ അകലെയാണ്; പോരാത്തതിന്, അതു തഴച്ചുകൊണ്ടിരിക്കുന്നു. റോമൻ കത്തോലിക്കാസഭയ്ക്ക് റോമാനഗരത്തിലെ സ്ഥാവരവസ്തുക്കളുടെ മൂന്നിലൊന്ന് സ്വന്തമായുണ്ടെന്ന് ഞാൻ ഈയിടെ മനസ്സിലാക്കി. റോമാസഭ ഇപ്പോൾ തഴച്ചുകൊണ്ടിരിക്കുന്നുവെങ്കിലും, ഒരു ദിവസം എതിർക്രിസ്തുവും പത്തു രാജാക്കന്മാരും അവളെ ശൂന്യമാക്കും; അതായത്, അവളുടെ സകല സമ്പത്തും അവർ കൊള്ളയടിക്കും. കൂടാതെ, അവർ അവളെ നഗ്നയാക്കുകയും ചെയ്യും. അവളുടെ ആവരണത്തെയും അവളുടെ കപടവേഷങ്ങളെയും അവർ ഉരിഞ്ഞുകളയുമെന്നും, അവളെ പൂർണമായി തുറന്നുകാട്ടുമെന്നും ഇത് അർഥമാക്കുന്നു. ഈ വിശ്വാസത്യാഗിനിയായ സഭയെ അങ്ങേയറ്റം തുറന്നുകാണിക്കുന്നതിന് എതിർക്രിസ്തുവിനെ കർത്താവ് ഉപയോഗിക്കും.

ഇന്ന് റോമൻ കത്തോലിക്കാസഭ മൂടപ്പെട്ടിരിക്കുന്നതിനാൽ അവളുടെ യഥാർഥ അവസ്ഥയെ നമുക്കു കാണുവാൻ കഴിയുകയില്ല. അവളുടെ ഉള്ളിൽ എത്രമാത്രം മലിനവും, പാപകരവും, ലൗകികതയും, ദുഷ്ടതയും, പൈശാചികവും, സാത്താന്യവുമായ കാര്യങ്ങൾ മറഞ്ഞിരിക്കുന്നുവെന്ന് നമുക്കു കാണുവാൻ കഴിയുകയില്ല. അവൾ ആത്മിക പരസംഗത്തിൽ മാത്രമല്ല, ഭൗതിക പരസംഗത്തിലും മുഴുകുന്നു. എത്ര ഭയങ്കരം! സ്പെയിനിലുള്ള ഒരു വരണ്ട കിണർ കുഞ്ഞുങ്ങളുടെ അസ്ഥികൾകൊണ്ട് നിറഞ്ഞിരുന്നുവെന്നു പറയുന്ന ഒരു ലേഖനം ഞാൻ ഒരിക്കൽ വായിക്കുകയുണ്ടായി. വിശ്വാസത്യാഗിനിയായ ഈ സഭയിലെ കാര്യങ്ങൾ എത്രമാത്രം പാപകരവും, എത്രമാത്രം ദുഷിച്ചതും, എത്രമാത്രം മലിനവുമാണെന്ന് നമുക്കറിയില്ല. എന്നാൽ ഒരു ദിവസം, എതിർക്രിസ്തുവും പത്തു രാജാക്കന്മാരും സകലവും തുറന്നുകാണിക്കും.

അവർ വേശ്യയുടെ മാംസം തിന്നുകയും ചെയ്യും, അവളുടെ അംഗങ്ങളെപോലും അവർ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യുമെന്നാണ് ഇതിനർഥം. വിശ്വാസത്യാഗിനിയായ സഭയുടെ അംഗങ്ങളെ എതിർക്രിസ്തു ഇല്ലാതാക്കുകയും കൊല്ലുകയും അവളെ പൂർണമായി ചുട്ടുകളയുകയും ചെയ്യും. ഈ വചനം റോമൻ കത്തോലിക്കാസഭയോടുള്ള ബന്ധത്തിൽ നിറവേറ്റപ്പെടുകയില്ലെങ്കിൽ, പിന്നെ ആരുടെമേലായിരിക്കും ഈ ന്യായവിധി വരുന്നത്?

ഈ ദൂത് വായിക്കുന്ന ചിലർ സ്വാഭാവികമായി ദയയുള്ളവരും അനുകമ്പയുള്ളവരുമായതിനാൽ, റോമൻ കത്തോലിക്കാസഭയെ സംബന്ധിച്ച എന്റെ ഈ വാക്ക് വളരെ കഠിനമായിപ്പോയെന്ന് അവർ ചിന്തിക്കുന്നുണ്ടാകാം. എന്റെ വാക്ക് വളരെ കഠിനമായിപ്പോയെങ്കിൽ, ഇങ്ങനെയുള്ളൊരു വാക്ക് ആദ്യമായി സംസാരിക്കുന്നത് ഞാനല്ല എന്ന് അവർ അറിഞ്ഞുകൊള്ളട്ടെ. ആദ്യം ഇതു സംസാരിച്ചത് കർത്താവായ യേശു തന്നെയാണ്, കാരണം വെളിപ്പാടുപുസ്തകം അവന്റെ വചനമാണ്. 10:9-ൽ ചെറുപുസ്തകം വിഴുങ്ങുവാനായി കർത്താവ് അപ്പൊസ്തലനായ യോഹന്നാനോടു പറഞ്ഞു. അത് അവന്റെ വയറിനെ കയ്പിക്കും, എന്നാൽ വായിൽ തേൻപോലെ മധുരമുള്ളതാകുമെന്നു കർത്താവു പറഞ്ഞു. ഞാൻ ദർശനം കണ്ടു എന്ന് എനിക്ക് നിഷേധിക്കുവാൻ കഴിയാത്തതിനാൽ കർത്താവിന്റെ വചനം സംസാരിക്കുകയല്ലാതെ എനിക്ക് മറ്റൊരു മാർഗവുമില്ല. കർത്താവിന് ഇന്ന് ശക്തമായ ഒരു സാക്ഷ്യം ആവശ്യമാണ്. നിങ്ങൾ എല്ലാവരും എന്നെക്കാൾ ശക്തരായിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. എന്നാൽ ശക്തരായിരിക്കേണ്ടതിന് നിങ്ങൾക്ക് വ്യക്തമായ ഒരു ദർശനം ഉണ്ടായിരിക്കണം. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ദർശനം വ്യക്തമാണ്, പ്രത്യേകിച്ചും ഈ സകല ദൂതുകളും പ്രസിദ്ധീകരിക്കപ്പെട്ടശേഷം. യേശുവിന്റെ ശക്തവും, പുതുമയുള്ളതും, ജീവനുള്ളതും, തൽസമയമുള്ളതുമായ സാക്ഷ്യം ഉണ്ടായിരിക്കുന്നതിനായി നാം മുന്നേറണം. അനേകരും ഈ മാർഗം എടുക്കുകയില്ലെന്ന് ഞാൻ തിരിച്ചറിയുന്നു. എന്നിരുന്നാലും, നല്ലൊരു കൂട്ടം കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്ക് തിരിഞ്ഞുവരും. തന്റെ സത്യസന്ധരും നിർമ്മലരുമായ എല്ലാ അന്വേഷകരെയും അവന്റെ ജീവനുള്ളതും തൽസമയമുള്ളതുമായ സാക്ഷ്യമാകുവാൻ കർത്താവ് കൂട്ടിച്ചേർക്കും. ഈ സാക്ഷ്യം ആദ്യഫലത്തെ ഉളവാക്കുമെന്നു മാത്രമല്ല, അത് മഹോപദ്രവകാലത്ത് ഭൂമിയിൽ അപ്പോഴും ശേഷിക്കുന്ന ക്രിസ്ത്യാനികളെ സഹായിക്കുകയും ചെയ്യും.

തന്റെ മനസ്സ് പ്രവർത്തിക്കുവാൻ ദൈവം പത്തു രാജാക്കന്മാരുടെ ഹൃദയങ്ങളിൽ അത് ഇട്ടുകൊടുത്തു എന്ന് വാക്യം 17 പറയുന്നു. ഈ വാക്യം ഉള്ളതിനാൽ ഞാൻ സന്തോഷവാനാണ്. എതിർക്രിസ്തുവും പത്തു രാജാക്കന്മാരും വിശ്വാസത്യാഗിനിയായ സഭയെ അവസാനിപ്പിക്കുവാനും ദൈവത്തിന്റെ ഹിതം നിറവേറ്റുവാനും ദൈവത്തിന്റെ മനസ്സിനൊത്തവണ്ണം ചില കാര്യങ്ങൾ ചെയ്യും. എത്ര ആശ്ചര്യകരം! റോമാസഭയെ നശിപ്പിക്കുവാൻ ദൈവം അത് അവരുടെ ഹൃദയങ്ങളിൽ ഇട്ടുകൊടുക്കും. നിങ്ങൾ ദൈവത്തെക്കാൾ ദയയുള്ളവനായിരിക്കുമോ? ദൈവം വിശ്വാസത്യാഗിനിയായ സഭയെ വെറുക്കുന്നു.

അവന്റെ ദൃഷ്ടിയിൽ അതൊരു മഹാവേശ്യ, ഒരു മ്ലേച്ഛത ആണ്. ഒരു ദിവസം, ഈ യുഗത്തിന്റെ അന്ത്യത്തിൽ, ഭൂമിയിലെ പൈശാചിക ഭരണാധികാരികൾ ഈ വിശ്വാസത്യാഗിനിയായ സഭയെ നശിപ്പിക്കുവാനും അതിനെ തീകൊണ്ട് ചുട്ടുകളയുവാനും ദൈവം ഇടവരുത്തും. നമ്മിൽ അനേകർക്കും വർഷങ്ങളായി നമ്മുടെ കയ്യിൽ ബൈബിൾ ഉണ്ടെങ്കിലും ഈ രണ്ടു വാകൃങ്ങളുടെ പ്രാധാന്യം ഒരിക്കലും കണ്ടിട്ടില്ല. നമ്മിൽ അനേകരും ഇപ്പോൾ അത് കണ്ടിരിക്കുന്നതിനാൽ കർത്താവിനെ സ്തുതിക്കാം! റോമാസഭ ദഹിപ്പിക്കപ്പെടും എന്നത് നമുക്കു വ്യക്തമാണ്. ഇക്കാരണത്താൽ, അവളിൽനിന്നു പുറത്തുവരുവാൻ നമ്മുടെ കൂട്ടുകാരോടും ബന്ധുക്കളോടും നാം പറയണം.

നിങ്ങളുടെ ബന്ധുക്കളും കൂട്ടുകാരും റോമൻ കത്തോലിക്കാസഭ യിൽനിന്ന് പുറത്തുവരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ശരിയായ രീതിയിൽ അവരെ സമീപിക്കണം. ഒരുപക്ഷേ നിങ്ങളുടെ അമ്മയ്ക്കുവേണ്ടി നിങ്ങൾ ഭാരപ്പെടുന്നുണ്ടാകാം. "അമ്മേ, ഒരു ദിവസം എതിർക്രിസ്തു നിങ്ങളുടെ സഭയെ ചുട്ടുകളയും" എന്നു പറയരുത്. മറിച്ച്, ബുദ്ധിയോടെയും എന്നാൽ നിഷ്കളങ്കവുമായ ഒരു രീതിയിൽ നിങ്ങളുടെ അമ്മയോട് നിങ്ങൾ സംസാരിക്കണം. ആദ്യം, നിങ്ങളോടൊപ്പമിരുന്ന് ബൈബിൾ വായിക്കുവാൻ അമ്മയോട് ആവശ്യപ്പെടാം. എന്നാൽ വെളിപ്പാട് 17-ൽ നിന്നു തുടങ്ങരുത്. പന്ത്രണ്ടാം അധ്യായത്തിൽനിന്നു തുടങ്ങി അവിടെ വെളിപ്പെടുത്തി യിരിക്കുന്ന സാർവത്രിക ശോഭയുള്ള സ്ത്രീയെക്കുറിച്ച് വായിക്കുന്നത് നല്ലതായിരിക്കും. തീർച്ചയായും നിങ്ങളുടെ അമ്മയ്ക്ക് ഇതിൽ താല്പ ര്യമുണ്ടായിരിക്കുകയും, "കത്തോലിക്കാസഭയിലെ എന്റെ മുഴുവൻ ജീവിതത്തിനിടയിൽ ഞാൻ ഇതിനെക്കുറിച്ച് ഒരിക്കലും കേട്ടിട്ടേയില്ല" എന്നു അവൾ പറയുകയും ചെയ്തേക്കും. അടുത്ത തവണ നിങ്ങൾ അവളെ സന്ദർശിക്കുമ്പോൾ, എതിർക്രിസ്തു എന്ന മൃഗത്തെക്കു റിച്ചുള്ള പതിമൂന്നാം അധ്യായം വായിക്കുകയും, അതിനുശേഷം പതിനേഴാം അധ്യായം വായിക്കുകയും ചെയ്യാം. ക്രമേണ കടുംചുവപ്പുള്ളോരു മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീ റോമൻ കത്തോ ലിക്കാസഭയാണെന്ന് കാണുവാൻ നിങ്ങൾ അവളെ സഹായിക്കണം. എങ്കിലും, ഇത് നേരിട്ട് അവളോടു പറയരുത്. പകരം, നിങ്ങളുടെ അമ്മയോടുകൂടെ ആ അധ്യായം വായിച്ച് അതിനെക്കുറിച്ച് ചിന്തിക്കുവാൻ ആവശ്യപ്പെടുക. ഒടുവിൽ, മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീ കത്തോലിക്കാസഭയാണെന്ന നിഗമനത്തിൽ അവൾ എത്തിച്ചേരും. "അതിൽ ഇരിക്കുന്നവൾ എന്റെ സഭയാണെന്നു തോന്നുന്നു" എന്നുപോലും അവൾ പറഞ്ഞേക്കാം. അവൾ സ്വയം ഈ നിഗമനത്തിലേക്കു വരട്ടെ. ഈ നിഗമനത്തിൽ അവൾ എത്തി ച്ചേർന്നശേഷവും അതിനെക്കുറിച്ച് അവൾക്ക് ഉറപ്പുണ്ടോ എന്ന് നിങ്ങൾക്ക് ചോദിക്കാം. ജനത്തെ വ്രണപ്പെടുത്താതെ അവരോട്

സംസാരിക്കുവാനുള്ള പരിജ്ഞാനം നാം പഠിക്കണം. റോമാസഭ പൈശാചികമാണെന്ന് നേരിട്ട് ജനത്തോടു പറയരുത്.

കൗശലപരവും ദുഷ്ടതനിറഞ്ഞതുമായ കത്തോലിക്കാമതം അതിലെ ആളുകളുടെ രക്തത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, അതിൽനിന്ന് അവരെ തിരിക്കുന്നത് എളുപ്പമല്ല. നിങ്ങളുടെ കൂട്ടുകാരും ബന്ധുക്കളും കത്തോലിക്കാസഭയിൽനിന്നു പുറത്തുവരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവരോട് കരുണയുണ്ടാകുവാനും അവരുടെ കണ്ണുകളെ തുറക്കുവാനും കർത്താവിനോട് ആവശ്യപ്പെട്ടുകൊണ്ട്, അവർക്കുവണ്ടി നിരാശാജനകമായി നിങ്ങൾ പ്രാർഥിക്കണം. ഇടയ്ക്കിടെ നിങ്ങൾ വളരെ ഭാരപ്പെട്ടിട്ട് ഇങ്ങനെ പ്രാർഥിക്കണം, "കർത്താവേ, എന്റെ അമ്മയെക്കുറിച്ച് നിന്നോട് ഞാൻ നിരാശാജനകനാകുന്നു. കത്തോലിക്കാമതത്തിൽനിന്ന് അവൾ പുറത്തുവരാതെ എനിക്ക് മുന്നോട്ടുപോകുവാൻ കഴിയുകയില്ല. കർത്താവേ, ഇത് ജീവന്റെയും മരണത്തിന്റെയും വിഷയമാണ്. നീ എന്റെ അമ്മയെ തിരിക്കണം." നിങ്ങളുടെ പ്രാർഥനയ്ക്ക് കർത്താവ് ഉത്തരംനല്കുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. എന്നാൽ നിങ്ങൾ അവളോടു സംസാരിക്കുമ്പോൾ, ജ്ഞാനമുള്ളവനായിരിക്കുകയും അഭിഷേകംകൊണ്ട് നിറഞ്ഞിരിക്കുകയും വേണം. ഒരിക്കലും തർക്കിക്കരുത്.

കത്തോലിക്കാസഭയിലുള്ളവരുമായി നിങ്ങൾ ബന്ധപ്പെടുമ്പോൾ, അവരോട് കടുപ്പമുള്ളവരായിരിക്കരുത്. ആത്മാർഥവും, സത്യസന്ധവും, മൃദുവും, ബുദ്ധിപൂർവ്വവും ആയ രീതിയിൽ അവരെ സമീപിക്കുക. കൂടാതെ, അവരുമായുള്ള നിങ്ങളുടെ ബന്ധം വളരെയേറെ പ്രാർഥനയാൽ താങ്ങിനിർത്തപ്പെടണം. നിങ്ങളുടെ ബന്ധുക്കളോടോ കൂട്ടുകാരോടോ നിങ്ങൾ സംസാരിക്കുമ്പോഴും, "കർത്താവേ, മഹാവേശ്യയെ കാണേണ്ടതിന് അവരോട് കരുണ ഉണ്ടായിരിക്കുകയും, അവരുടെ കണ്ണുകൾ തുറക്കുകയും ചെയ്യണമേ" എന്നു പ്രാർഥിക്കണം. നാം ഇത് ചെയ്യുന്നുവെങ്കിൽ, നാം ജനത്തിന് ജീവനുള്ള സാക്ഷികൾ ആയിരിക്കും. എങ്കിലും, നമുക്ക് മതപരിവർത്തനത്താലുള്ള വർദ്ധനവ് നേടുകയെന്ന യാതൊരു താല്പര്യവുമില്ല. വർദ്ധനവ് കർത്താവിന്റെ കരങ്ങളിലാണ്. നാം മതപരിവർത്തനം നടത്തുന്നില്ലെങ്കിലും, എല്ലാവരോടും സാക്ഷീകരിക്കുവാൻ നാം ഭാരപ്പെട്ടിരിക്കുന്നു. യേശുവിന്റെ ജീവനുള്ള സാക്ഷികളെന്ന നിലയിൽ നാം കണ്ടതനുസരിച്ച് കർത്താവിനെ എങ്ങനെ ആവിഷ്കരിക്കണമെന്ന് നാം പഠിക്കണം. ജനവുമായി തർക്കിക്കുകയോ അവരെ വ്രണപ്പെടുത്തുക്കുകയോ അരുത്—ഹൃദ്യമായ രീതിയിൽ അവരോടു സംസാരിക്കുക. ഇങ്ങനെയുള്ള ഒരു സാക്ഷ്യമായിരിക്കുവാൻ നിങ്ങൾക്കാവശ്യമായ കൃപ കർത്താവു നല്കും.